# അവതാരിക

മലയാളവ്യാകരണം പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും വിശ്വസിച്ചുപയോഗിക്കാവുന്ന പാഠപുസ്തകമാണ് ഡോ. എൻ. കെ. മേരിയുടെ **മലയാളവ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനുശേഷം**. ഡോ. എൻ. എൻ. മൂസ്സതാണ് ഗ്രന്ഥകാരിയെ വ്യാകരണഗവേഷണത്തിലേക്കു തിരിച്ചുവിട്ടത്. ഗവേഷണം പൂർത്തിയാക്കിയത് എന്റെ മാർഗ്ഗദർശനത്തിലും. ശ്രദ്ധാപൂർവ്വമായ വായനയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി തരംതിരിച്ചു പഠനഗവേഷണങ്ങളിലൂടെ പരിഷ്കരിച്ചു ക്ലാസുമുറിയിൽ പരീക്ഷിച്ചുനോക്കി ഇപ്പോൾ പുസ്തകരൂപത്തിലാക്കുന്നു. ഏറെ ശ്രദ്ധയും ക്ഷമയും നിശ്ചയദാർഢ്യവുമുള്ള ഇത്തരം എഴുത്തുകാർ നമ്മുടെ കോളജുകളിലും സർവകലാശാലകളിലും വിരളമാണ്. 'താരപ്രഭ' നേടാൻ മറ്റെന്തെല്ലാം വഴികളുണ്ട്! അതിനിടയിൽ ഇങ്ങനെയൊരു സാഹസത്തിനു പ്രാധാന്യമുണ്ട് എന്നു വ്യക്തമാക്കാൻ മാത്രമാണ് ഈ അവതാരിക.

വ്യാകരണത്തെക്കുറിച്ചു സാധാരണക്കാർക്കും പണ്ഡിതന്മാർ എന്നു പൊതുസമൂഹം കരുതുന്ന പലർക്കും കലശലായ തെറ്റിദ്ധാരണയുണ്ട്. വ്യാകരണം ചുരുക്കം ചിലരുടെ കുത്തകയാണെന്നു പലരും കരുതുന്നു. അതുകൊണ്ടാണ് താൻ മഹാനായ എഴുത്തുകാരനാണ്, എങ്കിലും വ്യാകരണമറിയില്ല എന്നു ചിലർ വിളിച്ചുപറയുന്നത്. ആരു പറഞ്ഞു ഇവർക്കു വ്യാകരണമറിയില്ല എന്ന്? വൈയാകരണനോ? ഭാഷാശാസ്ത്രജ്ഞനോ? വ്യാകരണവും ഭാഷാശാസ്ത്രവും പഠിച്ചവർക്കറിയാം ഏറ്റവും നല്ല വ്യാകരണം

ഓരോ വക്താവിന്റെയും മനസ്സിലാണെന്ന്. ഇതിനുമുമ്പു പറഞ്ഞിട്ടില്ലാത്ത എത്ര പുതുപുത്തൻ വാക്യങ്ങൾ പറയാൻ തനിക്കു കഴിയും എന്ന് ഓരോ വ്യക്തിയും പരീക്ഷിച്ചു നോക്കട്ടെ. എണ്ണമറ്റ വാക്യങ്ങൾ നിർമ്മിക്കാൻ ഓരോ ഭാഷകനും കഴിവുണ്ട്. മുൻപു കേട്ടിട്ടില്ലാത്ത വാക്യങ്ങൾ കേട്ടാൽ അർത്ഥം തെളിച്ചെടുക്കുന്ന കാര്യത്തിലുമുണ്ട് പരിധിയറ്റ ഗ്രഹണശേഷി. പറയാനും കേട്ടാൽ മനസ്സിലാക്കാനുമുള്ള ശേഷിയാണ് വ്യാകരണം. ഇത് ആർക്കാണ് ഇല്ലാത്തത്? അതുകൊണ്ടാണ് വ്യാകരണം എല്ലാവരുടെയും സിദ്ധിയാണ് എന്നു പറഞ്ഞത്. ഭാഷാശേഷി, ഭാഷാപ്രകടനം, സവിശേഷഭാഷാവൈഭവം, സാർവലൗകിക ഭാഷാസിദ്ധി എന്നിങ്ങനെ ഇഴ പിരിച്ചു ഈ വിഷയത്തെക്കുറിച്ചു പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. ഭാഷാപ്രയോഗത്തിന്റെ ചിട്ടവട്ടങ്ങളാണ് വ്യാകരണം. ഇതു മനുഷ്യന്റെ സിദ്ധികളിൽ പ്രധാനമാണുതാനും. വ്യാകരണത്തിന്റെ വിശാലഭൂമിക ഇതാണെങ്കിലും പരമ്പരാഗതവ്യാകരണം ശ്രദ്ധയൂന്നിയിരുന്നതു പദനിർമ്മാണത്തിന്റെയും വാക്യരചനയുടെയും തന്ത്രങ്ങളിലായിരുന്നു. നവീന ഭാഷാശാസ്ത്രത്തിലെ രൂപപ്രക്രിയയിലും വാക്യവിചാരത്തിലും പരിമിതപ്പെടുന്ന മേഖല. അതിന് അപ്പുറവും ഇപ്പുറവുമുള്ള ധ്വനിവിജ്ഞാനം, വർണ്ണവിജ്ഞാനം, അർത്ഥവിജ്ഞാനം, പ്രയോഗവിജ്ഞാനം എന്നിവയിലേക്കും വ്യാകരണശ്രദ്ധ വിരളമായിട്ടെങ്കിലും പതിഞ്ഞിട്ടുണ്ട്. ഇന്ന് വ്യാകരണം കുറേക്കൂടി വിപുലമായ മേഖലകളിലേക്ക് വ്യാപിച്ചു സമൂഹപ്രക്രിയയെക്കുറിച്ചുള്ള പഠനമായി വികസിക്കുന്നു. മലയാളവും ആഗോളവൽക്കരണവും എന്നോ ഭാഷയും അധികാരവും എന്നോ ചോദ്യക്കടലാസിൽ കണ്ടാൽ അതു വ്യാകരണകാര്യമാണെന്നു സമർത്ഥരായ വിദ്യാർത്ഥികൾ തിരിച്ചറിയുന്നു. ഭാഷയുടെ പ്രകടനശേഷി വെളിവാക്കുന്നതാകണം വ്യാകരണം എന്ന തിരിച്ചറിവു ഭാരതീയർക്കു പണ്ടുതന്നെ ഉണ്ടായിരുന്നു. ഭാഷാവിവരണം എന്ന നിലയിലുള്ള വ്യാകരണങ്ങൾ മാത്രമല്ല ഇവിടെ ഉണ്ടായിരുന്നത്. വ്യാകരണചർച്ച വേദവിജ്ഞാനീയത്തോളം എത്തുന്ന മാതൃകയും ഭാരതത്തിലുണ്ട്.. തൊൽക്കാപ്പിയത്തിലെ പൊരുളതികാരത്തിന്റെ ഉള്ളടക്കം ഭാഷയുടെ സാഹിത്യപ്രയോഗമാണ്. ലീലാതിലകത്തിലുമുണ്ട് ഇത്തരം വിശാലവീക്ഷണം. പാശ്ചാത്യസമ്പർക്കത്തിൽ മലയാളത്തിനു മിഷണറിമാരിലൂടെ ലഭിച്ച വ്യാകരണങ്ങൾ പൊതുവേ വിവരണാത്മകങ്ങളായിരുന്നു. അധ്യാപനത്തിനും സ്വയംപഠനത്തിനുമുള്ള ഉപകരണങ്ങൾ എന്ന നിലയിലാണ് അവ സംവിധാനം ചെയ്യപ്പെട്ടിരുന്നത്. ജോർജ്

മാത്തൻ പാശ്ചാത്യസമ്പ്രദായം അംഗീകരിച്ചിരുന്നെങ്കിലും വ്യാഖ്യാനത്തിനും വിശദീകരണത്തിനും ഒരുമ്പെടുന്ന സന്ദർഭങ്ങൾ മലയാഴ്മയുടെ വ്യാകരണത്തിൽ കാണാം. മാതൃഭാഷക്കാരന്റെ അനന്യമായ തിരിച്ചറിവുകളായി വേണം അവ വിലയിരുത്താൻ.

ലീലാതിലകത്തിന്റെയും കാൽഡ്വലിന്റെ താരതമ്യവ്യാകരണത്തിന്റെയും ഊർജം പാണിനീയപാരമ്പര്യത്തിൽ കലർത്തി കേരളപാണിനി അവതരിപ്പിച്ച കേരളപാണിനീയം (രണ്ടാം പതിപ്പ്) മലയാള വ്യാകരണത്തിന്റെ മികച്ച മാതൃകയായി ഇന്നും ശോഭിക്കുന്നു. ഒരു നൂറ്റാണ്ടിലേറെയായി മലയാളികൾ മലയാളവ്യാകരണം പഠിക്കാൻ ഈ ഗ്രന്ഥം ഉപയോഗിക്കുന്നു. ചില സർവകലാശാലാസമിതികൾ 'കേരളപാണിനീയം' തുടച്ചുനീക്കാൻ തീവ്രശ്രമം നടത്തുന്നുണ്ടെങ്കിലും അത്തരം 'വളയമില്ലാതുള്ള ചാട്ടങ്ങൾ' ബാലിശമായ അഭ്യാസങ്ങളായേ പരിഗണിക്കേണ്ടൂ. ഇതിനിടയിൽ മലയാളഭാഷയുടെ വൈവിധ്യവും പരിണാമവും ഏറെ പണ്ഡിതശ്രദ്ധ നേടി. എന്നിട്ടും കേരളപാണിനീയംതന്നെ നിരതിശയമായി ക്ലാസുമുറികളിൽ നിലനിൽക്കുന്നു. ഇതിനർത്ഥം വ്യാകരണചിന്തയിൽ മാറ്റമുണ്ടായിട്ടില്ല എന്നാണോ?

കേരളപാണിനീയത്തിനുശേഷം മലയാളവ്യാകരണചിന്തയിൽ മാറ്റമുണ്ടായിട്ടുണ്ട് എന്നു ശാന്തമായി വാദിച്ചു സമർത്ഥിക്കുന്ന ഗ്രന്ഥമാണ് ഡോ. എൻ. കെ. മേരി തയ്യാറാക്കിയിരിക്കുന്നത്. ഇതു ചെറിയ വളയത്തിലൂടെ ചാടാനുള്ള ശ്രമമാണ്. കേരളപാണിനീയത്തെ അവലംബമാക്കി നടക്കുന്ന ചർച്ചകൾ ക്രോഡീകരിച്ചവതരിപ്പിച്ചാണ് ഗ്രന്ഥകാരി വ്യാകരണപരിണാമം ചിത്രീകരിക്കുന്നത്. ധ്വനി-വർണ്ണ-രൂപവാക്യതലങ്ങളിലെല്ലാം വീണ്ടുവിചാരങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ അവയെല്ലാം ക്രോഡീകരിച്ചു കേരളപാണിനീയത്തിനു സമാന്തരമായ ഒരു രചന ഉണ്ടായിട്ടില്ല. കേരളപാണിനീയഭാഷ്യരൂപത്തിലാണ് ചർച്ചകൾ പുരോഗമിക്കുന്നത്. കേരളപാണിനീയത്തിനു ശേഷമുണ്ടായ മലയാളവ്യാകരണഗ്രന്ഥങ്ങൾ മാത്രം പരിശോധിച്ചാൽ വ്യാകരണ മണ്ഡലം നിശ്ചലമാണെന്നു തോന്നിയേക്കാം. അവയിലുമുണ്ട് തിരയിളക്കം എന്നു സൂക്ഷ്മവായനയിൽ ബോധ്യപ്പെടും. ശേഷഗിരിപ്രഭു, സുകുമാരപിള്ള, ജോൺ കുന്നപ്പള്ളി തുടങ്ങിയവരുടെ പരിശ്രമങ്ങൾ ശ്രദ്ധേയങ്ങളാണ്.

മലയാളവ്യാകരണസംബന്ധമായി മലയാളത്തിലും ഇംഗ്ലീഷിലുമുണ്ടായ ലേഖനങ്ങളാണ് ഏറ്റവും പ്രധാനം. എൽ.വി. രാമസ്വാമി

അയ്യർ, സി. എൽ. ആന്റണി, കെ. എം. പ്രഭാകരവാരിയർ, എൻ. ആർ. ഗോപിനാഥപിള്ള, ടി. ബി. വേണുഗോപാലപ്പണിക്കർ, സി. വി. വാസുദേവഭട്ടതിരി, കെ. വി. ആർ. പൈ, ഇ.വി.എൻ. നമ്പൂതിരി, എൻ. എൻ. മൂസ്സത് തുടങ്ങിയവർ നടത്തിയ പഠനങ്ങൾ മലയാളവ്യാകരണചിന്ത യെ ഏറെ മുന്നോട്ടു നയിച്ചു. ഭാഷാശാസ്ത്രമണ്ഡലത്തിലൂടെ മലയാളവ്യാകരണചിന്തയിലേക്കു പ്രവേശിച്ച വി. ആർ. പ്രബോധചന്ദ്രൻ, എ. പി. ആൻഡ്രൂസുകുട്ടി തുടങ്ങിയവരുടെ രചനകളും മലയാളവ്യാകരണപഠനങ്ങളെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. കഴിഞ്ഞ അൻപതുവർഷത്തിനുള്ളിൽ മലയാളഭാഷാപഠനസംബന്ധമായി ഉണ്ടായ രചനകൾ വിലിയിരുത്തിക്കൊണ്ട് ഡോ. കെ. എം. പ്രഭാകരവാരിയർ രചിച്ച ഒരു നീണ്ടലേഖനം ഇവിടെ ഓർമ്മിക്കേണ്ടതാണ്. (നോക്കുക: വ്യാകരണവും ഭാഷാശാസ്ത്രവും - അരനൂറ്റാണ്ടിലെ വളർച്ചയും തളർച്ചയും, താപസം/ TAPASAM a quarterly journal for Kerala studies in Malayalam-English, Vol III Issues 1 & 2; pp7-54, 2007)

ഇത്തരത്തിൽ പ്രസക്തമായ ഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രബന്ധങ്ങളും ഉൾപ്പെടുത്തി മലയാളവ്യാകരണപഠനത്തിന്റെ വളർച്ച രേഖപ്പെടുത്തുന്ന കൃതിയാണ് ഡോ. എൻ. കെ. മേരി വായനക്കാർക്കു സമർപ്പിക്കുന്നത്. കൃതികളും സങ്കല്പനങ്ങളും വേർതിരിച്ചു പഠിക്കാൻ സഹായിക്കുന്ന തരത്തിലാണ് ഗ്രന്ഥസംവിധാനം. നല്ല ഗ്രന്ഥ/ലേഖനസൂചി, പ്രസക്തമായ ഇനങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന പദസൂചി ഇവയെല്ലാം ചേർന്ന റഫറൻസ് ഗ്രന്ഥമാണ് ഇത്. എങ്കിലും ലളിതമായ പ്രതിപാദനശൈലി പരിഗണിക്കുമ്പോൾ ഇതിനെ ഒരു കൈപ്പുസ്തകമായി സ്വീകരിക്കാം.

**ഡോ സ്കറിയാ സക്കറിയ**
(ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല
മലയാളവിഭാഗം മുൻ അധ്യക്ഷൻ)
വിസിറ്റിങ് പ്രഫസർ
സ്കൂൾ ഓഫ് ലെറ്റേഴ്സ്
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

മേയ് 1, 2008